മുതൽ പതിനാലുവരെയുമുള്ള നിവേദനങ്ങളിൻമേൽ സ.സ്ഥാന സർക്കാർ തീരുമാനമെടുക്കുന്നതാണ്. പത്താമത്തെ നിവേദനത്തിൽ പറയുന്ന കാര്യത്തിന് ഇപ്പോൾത്തന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പതിനഞ്ചാമത്തെ നിവേദനത്തിന്റെ കാര്യത്തിലാകട്ടെ ബാദ്ധ്യതകൾ ഉള്ള കേസ്സുകളിൽ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി പിടിച്ചുവച്ചുകൊണ്ട് പെൻഷൻ കൊടുക്കാൻ അപ്പഴപ്പോൾ നിർദ്ദേശങ്ങൾ നൽകാറുണ്ട്. വനം വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ഈ നിർദ്ദേശം ബാധകമാണ്.

സ.സ്ഥാന ജീവനക്കാരുടെ പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

1984 [3056] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷവും അതിലധികവുമായി പെൻഷൻ കിട്ടാത്തവർ സംസ്ഥാനത്ത് എത്രപേരുണ്ട്;

(ബി) ഒരു വർഷത്തിനകം പെൻഷൻ നൽകാൻ സാധിച്ചില്ലെങ്കിൽ അത്തരം കേസുകളിൽ പെൻഷൻകാർക്ക് പലിശ നൽകാൻ നടപടി എടുക്കുകയും പലിശ സംഖ്യ പെൻഷൻ അനുവദിക്കുന്ന മേലുദ്യോഗസ്ഥനിൽനിന്ന് പിടിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റ് മേധാവികൾ പെൻഷൻ നല്കുന്നതുകൊണ്ട് ഈ വിവരം കൃത്യമായി ഇപ്പോൾ നല്കാൻ സാധിക്കുന്നതല്ല. വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ബി) 10-4-1985-ലെ സർക്കുലർ നമ്പർ 31/85/ഫിൻ. പ്രകാരം ഇത് സാദ്ധ്യമാണ്.

പെൻഷൻകാരുടെ ആനുകൂല്യങ്ങൾ

1985 [3057] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻപറ്റിയവരുടെയും ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഗോപാലൻനമ്പ്യാർ കമ്മീഷൻ പെൻഷൻകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ശുപാർശ ചെയ്തിരുന്നത്;

(ബി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ പെൻഷൻകാരെ സംബന്ധിക്കുന്ന എന്തെല്ലാം ശുപാർശകൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്;

(സി) ബാക്കിയുള്ള ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ച് 1986 ആഗസ്റ്റ് പതിനാലിന് പെൻഷൻകാരുടെ സംഘടനയും സർക്കാരും തമ്മിൽ ചർച്ച നടത്തുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ആ ചർച്ചയിൽവെച്ച് സമ്മതിച്ച കാര്യങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇവ എന്നു മുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly